# ACADEMIC MASTERPLAN

NSS HSS PANAVALLY

വിദ്യാലയത്തിന്റെ പേര് - എൻ എസ് എസ് എച്ച് എസ് പാണാവള്ളി

വിലാസം -തൃച്ചാറ്റുകുളം പി .ഒ ചേർത്തല

ഫോൺ -

സ്കൂൾ കോഡ് -34020

വിദ്യാഭ്യാസ ഉപജില്ല -തുറവൂർ

വിദ്യാഭ്യാസ ജില്ല -ചേർത്തല

റവന്യൂ ജില്ല -ആലപ്പുഴ

ബി ആർ സി -തുറവൂർ

സി ആർ സി -ഓടമ്പള്ളി ഗവൺമെൻറ് യുപിഎസ്

ഗ്രാമപഞ്ചായത്ത് -പാണാവള്ളി

ബ്ലോക്ക് പഞ്ചായത്ത് -തൈക്കാട്ടുശ്ശേരി

ജില്ലാ പഞ്ചായത്ത് -ആലപ്പുഴ

നിയമസഭാ മണ്ഡലം -അരൂർ

ലോക്സഭാ മണ്ഡലം -ആലപ്പുഴ

താലൂക്ക് -ചേർത്തല

വില്ലേജ് -പാണാവള്ളി

ഇമെയിൽ -34020alappuzha@gmail.com

## ആമുഖം

നമ്മുടെ പൊതു വിദ്യാഭ്യാസ മേഖല ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ഗുണാത്മകവും ഫലപ്രദവുമായ നേട്ടങ്ങൾ സൃഷ്ടിച്ചുകൊണ്ട് മുന്നേറിക്കൊണ്ടിരിക്കുകയാണ് .വിദ്യാർത്ഥിയുടെ സമഗ്ര വികസനം എന്ന ലക്ഷ്യപ്രാപ്തിയിലേക്ക് കടക്കുന്ന പദ്ധതികളാണ് ആവിഷ്കരിച്ചു വരുന്നത്. വിദ്യാഭ്യാസ പ്രക്രിയയുടെ പ്രഥമ ഘടകം എന്ന നിലയിൽ സ്കൂളുകൾക്ക് വലിയ പ്രാധാന്യമാണുള്ളത് ഏതൊരു വ്യക്തിയുടെയും അറിവിൻറെ ആദ്യപാഠമായ വിദ്യാലയങ്ങൾ മുന്നോട്ടുള്ള വളർച്ചയിലെ സ്വാധീന ഘടകം കൂടിയാണ്.

1937 ൽ സ്ഥാപിതമായി 88 വർഷത്തോളം പഴക്കമുള്ള എൻഎസ്എസ് ഹൈസ്കൂൾ പാണാവള്ളി ചേർത്തല താലൂക്കിൽ പാണാവള്ളി പഞ്ചായത്തിൽ തൃച്ചാറ്റുകുളം എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത് .712 ഓളം കുട്ടികൾ ഇപ്പോൾ ഈ സ്കൂളിൽ പഠനം നടത്തുന്നു. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികളാണ് ഈ സ്കൂളിൽ ഉള്ളത് UP വിഭാഗത്തിൽ 274 ഉം HS വിഭാഗത്തിൽ 438 ഉം കുട്ടികളാണുള്ളത് . പ്രസിദ്ധ സാഹിത്യകാരൻ ശ്രീ വൈശാഖൻ , സംഗീതസംവിധായകനും കവിയുമായ ശ്രീ രാജീവ് ആലുങ്കൽ ,ഐഡിയ സ്റ്റാർ സിംഗർ വിജയി ശ്രീ വിവേകാനന്ദൻ എന്നിവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ ആണ് 17 ഹൈസ്കൂൾ അധ്യാപകരും 11 യു പി അധ്യാപകരും ആണ് ഈ സ്കൂളിൽ ഉള്ളത് തുടർച്ചയായി എസ്എസ്എൽസിക്ക് 100% വിജയം കരസ്ഥമാക്കിയിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.
- കുട്ടിയുടെ കഴിവ് പാഠ്യ വിഷയങ്ങളിൽ ഒതുക്കാതെ സർഗ്ഗപരമായ കഴിവുകൾ കൂടി വികസിപ്പിച്ച് സമഗ്ര വികസനം ഉറപ്പുവരുത്തുക.
- കുട്ടിക്ക് മികവാർന്ന പഠന അന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക
- പാഠ്യേതര മികവ് ഉയർത്തുന്നതിന് ആവശ്യമായ ഭൗതിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കുന്നതിന് ആവശ്യമായ അധ്യാപക പരിശീലനം ഉറപ്പുവരുത്തുക
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക
- ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക

- മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക
- പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രത്യേക പരിശീലനം നൽകി മുഖ്യധാരയിൽ എത്തിക്കുക
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടത്തുക
- ഇംഗ്ലീഷ് പഠനശേഷി വികസിപ്പിക്കുക
- ഗണിത ശേഷി വികസനം
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക അതിന്റെ ദൂഷ്യഫലത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
- പ്രായപൂർത്തി ആകുമ്പോൾ തന്നെ തൊഴിലെടുക്കാനുള്ള കഴിവ് വികസിക്കുന്ന നൈപുണി വികസന പരിപാടി നടപ്പാക്കുക

## നിലവിലെ അവസ്ഥാ വിശകലനം

### ഭൗതികം

***നേട്ടങ്ങൾ***

ഹൈസ്കൂൾ ക്ലാസുകൾ എല്ലാം ഹൈടെക് ക്ലാസ്സ് റൂമുകളാണ് .എല്ലാ സൗകര്യങ്ങളും ഉള്ള ലൈബ്രറി സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട് .പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഉതകുന്ന ശൗചാലയങ്ങൾ ആവശ്യത്തിനുണ്ട് .യുപി ക്ലാസ്സുകൾ ഹൈടെക് റൂമുകൾ ആക്കി മാറ്റുവാനുള്ള പണി നടന്നുവരുന്നു .കുട്ടികൾക്ക് കളിക്കുവാൻ വിശാലമായ കളിസ്ഥലം ഉണ്ട്. എല്ലാ സൗകര്യങ്ങളും ഉള്ള സയൻസ് ലാബ് പ്രവർത്തിക്കുന്നുണ്ട് .യുപി ക്ലാസ്സുകൾക്കായി പ്രത്യേകം കമ്പ്യൂട്ടർ ലാബ് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

***പരിമിതികൾ***

യുപി വിഭാഗത്തിൽ 5 ക്ലാസ് മുറികൾ കൂടി ഹൈടെക് നിലവാരത്തിലുള്ളതാക്കണം. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഡൈനിങ് റൂം പണിയണം .വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും അത് പൂഴിയിട്ട് ഉറപ്പിക്കണം .ജൈവവൈവിധ്യ പാർക്ക്, പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ വിപുലമാക്കണം.

### അക്കാദമികം

***നേട്ടങ്ങൾ***

വിദ്യാർഥികളുടെ പഠന നിലവാരം മെച്ചപ്പെട്ടു വരുന്നു .എസ്എസ്എൽസിക്ക് തുടർച്ചയായി 100% നേടുവാൻ സാധിച്ചു. മത്സരപരീക്ഷകളിൽ കുട്ടികൾ പ്രകടിപ്പിക്കുന്നുണ്ട് .എൻസിസിയുടെ നേവൽവിംഗ് ജെ ആർ സി യൂണിറ്റ് സ്കൗട്ട് ഗൈഡ് ലിറ്റിൽ കൈറ്റ്സ് എന്നിവ ഏറ്റവും ഭംഗിയായി പ്രവർത്തിച്ചുവരുന്നു.

## ***പരിമിതികൾ***

എല്ലാ ക്ലാസ് റൂമുകളും ഹൈടെക് നിലവാരത്തിൽ ആക്കണം .സയൻസ് ലാബ് സൗകര്യങ്ങൾ വിപുലപ്പെടുത്തണം കലാകായിക പരിശീലനം മെച്ചപ്പെടുത്തണം .വോളിബോൾ കോർട്ട് നിർമ്മിക്കണം.

## സാമൂഹികം

സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. പൂർവവിദ്യാർഥി സംഘടനയുടെ പ്രവർത്തനം മികവുറ്റതാണ് വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടുന്നുണ്ട് .പൂർവ്വ അധ്യാപകർ വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട് .ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സമൂഹത്തിൻറെ അംഗീകാരം നേടിയിട്ടുണ്ട്.

| മേഖല | ഹൈസ്കൂൾ - മലയാളം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1)പ്രീ ടെസ്റ്റ്<br>2)അക്ഷരം ഉറപ്പിക്കൽ<br>3)അടയാളം ഉറപ്പിക്കൽ<br>4)അക്ഷരകാർഡ് നൽകൽ വാക്കുകൾ<br>5)എഴുതിയ കാർഡ് വാക്കുകൾ നിർമ്മിക്കുക<br>6)വാക്യങ്ങൾ നിർമ്മിക്കൽ<br>7)ചിത്രം -അടിക്കുറിപ്പ്<br>8)ചിത്രം -കഥയെഴുതൽ<br>9)ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | രണ്ടുമാസം (ആഗസ്റ്റ് സെപ്റ്റംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ | പിടിഎ , അധ്യാപകർ |
| 2) കുട്ടിയെ എഴുത്തുകാരനാക്കുക | 1)ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2)സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3)സമീപ ഗ്രന്ഥശാല അംഗത്വം<br>4)വായനോത്സവം സംഘടിപ്പിക്കൽ<br>5)പത്രവായന<br>6)പുസ്തക ചർച്ച<br>7) വായനാനുഭവം<br>8)വായനക്കുറിപ്പ് പതിപ്പ്<br>9)വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>10)ദിനാചരണം<br>11)സാഹിത്യകാരന്മാരു മായുള്ള അഭിമുഖം<br>12) ആസ്വാദകരമായ വായന<br>13)ഈ വായന | 6 മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ കമ്പ്യൂട്ടർ | പി ടി എ അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3)കുട്ടിയെ എഴുത്തുകാരനാക്കുക | 1)എഴുത്തുകൂട്ടം രൂപീകരണം<br>2)പുസ്തക ചർച്ച<br>3)വായനാക്കുറിപ്പ്, പതിപ്പ്<br>4)വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ<br>5)ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>6)വ്യക്തിഗത രചന, സംഘ രചന<br>7)സാഹിത്യകാരന്മാരും ആയുള്ള അഭിമുഖം<br>8)സാഹിത്യ സാംസ്കാരിക ചിത്ര ഗാലറി | | | |
| 4)സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | 1)പ്രസംഗ പരിശീലന കളരി<br>2)വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കുക | ആറുമാസം ജൂലൈ ഡിസംബർ | ഓഡിയോ വീഡിയോ | അധ്യാപകർ |

# ACADAMIC MASTER PLAN – ENGLISH

| AIM | ACTIVITIES | PERIOD | INCHARGE | FINANCE |
|---|---|---|---|---|
| 1)To converse confidently in English | Spoken English class , English library exposure , English corner story time English Cartoon exhibition , English assembly | Holidays or Saturdays | Parents and teachers | PTA |
| 2)Providing opportunities for creative presentation in English | Exposure to English cinema clippings in order to prepare cinema and documentary profile and script. | Classroom activity | Teachers , Srg | English club |
| | Role play , English day , seminars , choreography of famous English poems and presentation during English club day | Academic year | subject teachers | English club |
| 3)Equip pupil to read and and write creatively | School English voice alphabet card sentence making cards | Classroom activity | PTA srg teachers | English club |
| 4)Dramatisation | English assembly skit puppet show English lab | Classroom activity | PTA srg teachers | English club |
| | Puppet show skit preparation and presentation from textual portion | Saturdays and class | English | PTA |
| 5)Equip pupil to write and create poetry | Opportunities to listen to English audio | Classroom activities | Teachers,PTA ,Srg | English club |
| | Poetry writing and recitation competition critical appreciation , preparation and presentation | Holidays and Saturdays | Teachers,PTA ,Srg | English club |
| | Book reviews and magazine | Twice a year | English teachers | PTA and English club |

| | | | | |
|---|---|---|---|---|
| 6) ICT usage for language enhancement | Listening to Ted talks interviews of eminent personalities<br><br>English fest English movie fest | Holidays<br><br>Once a year | Teachers PTA & Srg<br><br>Teachers PTA & Srg | PTA and English club<br><br>PTA and English club |
| 7)Debate | converse in English debating on selected topics of social importance | twice a year | Teachers PTA & Srg | PTA and English club |

മേഖല :അക്കാദമികം :ഹിന്ദി

പൊതുവായ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

## എട്ടാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു<br>2. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു<br>3. ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു<br>4. ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു<br>5. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു<br>6. കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു | • അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>• അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു<br>• ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂട്ടുതലായി പരിചയപ്പെടുത്തുന്നു<br>• ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു<br>• കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു<br>• ചിത്രകഥ കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു | ഹ്രസ്വം<br><br>ജൂൺ ജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ<br><br>ഡിസംബർ ജനുവരി |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്നവർക്ക് കൂടുതൽ പരിശീലനം നൽകുന്നു<br>2. സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കി വാക്യഘടന പരിചയപ്പെടുത്തുന്നു<br>3. പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു<br>4. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ അറിയുന്നു | • വർക്ക് ഷീറ്റുകൾ നൽകുന്നു<br>• ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു<br>• ചാർട്ടുകൾ നൽകുന്നു സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു<br>• പോസ്റ്റർ മോഡൽ നൽകി വിവിധ വിഷയങ്ങൾ നൽകുന്നു<br>• ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കാൻ പറയുന്നു | ജൂൺ ജൂലൈ<br>ഓഗസ്റ്റ് സെപ്റ്റംബർ<br>ഡിസംബർ ജനുവരി |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു<br>2. ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു<br>3. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്ന ഡയറി എഴുതുവാൻ അറിയുന്നു | • നാടകം വേദിയിൽ അവതരിപ്പിക്കുന്നു സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു<br>• പദ്യം ചൊല്ലൽ കഥ കവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു<br>• പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകി കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു<br>• എല്ലാ ദിവസവും ഡയറി എഴുതുവാൻ ഉള്ള നിർദ്ദേശം നൽകുന്നു | ജൂൺ ജൂലൈ<br>ഓഗസ്റ്റ് സെപ്റ്റംബർ<br>ഡിസംബർ ജനുവരി |

# ACADEMIC MASTER PLAN – SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാരമ്പര്യ ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിനു മുകളിൽ സൗരോർജ പാനൽ സ്ഥാപിച്ച സ്കൂളിന് ആവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ | 1 വർഷം | PTA | 500000 MLA/MP ഫണ്ട് |
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ- കുട്ടി, കുട്ടി- കുട്ടി (peer group)എന്നിങ്ങനെ രണ്ടുതലത്തിൽ പരിശീലനം | ആഴ്ചയിൽ രണ്ട് ദിവസം | SRG &Science teacher | |
| ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | ആറുമാസത്തിൽ ഒരിക്കൽ | SRG &Science teacher | |
| ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കാൻ സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച ചോദ്യശേഖരം തയ്യാറാക്കൽ ചോദ്യപേപ്പർ സമഗ്രയിൽ അപ്‌ലോഡ് ചെയ്യൽ | മൂന്നുമാസം | SRG &Science teacher | 1000 PTA |
| മോഡൽ നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | ഒരു മാസം | SRG &Science teacher | 2500PTA |

| ഉപമേഖല ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) കുട്ടികളിൽ ശാസ്ത്രഭിരുചി വളർത്തൽ | 1)ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം<br>പരീക്ഷണ കളരി - പരീക്ഷണങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കൽ<br>2)സ്കൂൾതല സയൻസ് എക്സിബിഷൻ<br>3)ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം (by സർവ്വേ , അഭിമുഖം, നിരീക്ഷണം) | വർഷത്തിലൊരു തവണ<br>വർഷത്തിലൊരു തവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | 1000 പി ടി എ<br>പി ടി എ |
| 2) ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ഒരു വർഷത്തിൽ മൂന്നുമാസം | സയൻസ് ക്ലബ്ബ് | പി ടി എ |
| 3) <u>ശാസ്ത്ര ലാബ് നവീകരണം</u><br>ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ ഒരുമാസം | സയൻസ് ടീച്ചേഴ്സ് | |

# ACADEMIC MASTER PLAN- SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1)പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക സ്കൂൾ പാർലമെൻറ് പൗരബോധം സാമൂഹ്യ സേവനം ഇവയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | Acadamic year | സോഷ്യൽ സയൻസ് അധ്യാപകർ | സ്കൂൾ കുട്ടികൾ പിടിഎ |
| 2)ജനാധിപത്യം ഒരു ജീവിതശൈലി ആക്കുക പൗരത്വബോധം വളർത്തുക | മോക് പാർലമെൻറ് പൗരബോധം ഇവയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | Acadamic year | സോഷ്യൽ സയൻസ് അധ്യാപകർ | സ്കൂൾ കുട്ടികൾ പിടിഎ |
| 3)സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണനിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശകാഴ്ചകൾ കൗതുകം ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | Acadamic year | സോഷ്യൽ സയൻസ് അധ്യാപകർ | സ്കൂൾ കുട്ടികൾ പിടിഎ |
| 4)മതേതരത്വം സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | പ്രോജക്ട് ചർച്ചകൾ സംവാദം ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവ കുട്ടികളിലൂടെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | Acadamic year | സോഷ്യൽ സയൻസ് അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5)ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലനിർണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്ന ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു അറ്റ്ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | Acadamic year | സോഷ്യൽ സയൻസ് അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 6) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | ക്വിസ്സുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വീഡിയോ ക്ലിപ്പ് കാണിക്കുന്നു | Acadamic year | സോഷ്യൽ സയൻസ് അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 7)വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക | ചരിത്ര ലാഭകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം മനോഹരമാക്കുന്നു | Acadamic year | സോഷ്യൽ സയൻസ് അധ്യാപകർ | |
| 8) നമ്മൾക്ക് കിട്ടിയിരിക്കുന്ന സ്വാതന്ത്ര്യം എങ്ങനെയെല്ലാം നേടിയെടുത്തു എന്ന് അതിനു വേണ്ടി ത്യാഗം സഹിച്ച നേതാക്കൾ ആരൊക്കെ എന്നുമുള്ള അവബോധം വളർത്തുക | ചരിത്രസംഭവങ്ങളുടെ വീഡിയോ ക്ലിപ്പ് ചിത്രങ്ങൾ തുടങ്ങിയവ കാണിക്കുന്നു ചരിത്രസ്മാരകങ്ങൾ സന്ദർശിക്കുക | Acadamic year | സോഷ്യൽ സയൻസ് അധ്യാപകർ | |

# ACADEMIC MASTER PLAN- MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1)ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാക്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2)നിർമ്മിതികളിൽ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ചർച്ച ഉപയോഗം | തുടർ പ്രവർത്തനം | അധ്യാപകർ |
| 3)ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സ്കൂൾ പരിസരത്തെ നിരീക്ഷിക്കുന്നു<br>ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പിടിഎ |
| 4)ഗണിത ആശയങ്ങളിൽ നിന്ന് ഉടലെടുക്കാവുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | സംഘ പഠനം | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത ക്ലബ്ബ് അധ്യാപകർ |
| 5)അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | തുടർ പ്രവർത്തനം | എസ് ആർ ജി കൺവീനർ മുതിർന്ന അധ്യാപകർ |
| 6)ഗണിത മത്സര വേദികളിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തമാക്കൽ | അക്കാദമിക വർഷം | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ പിടിഎ |
| 7)ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മാസത്തിൽ 1 | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ പിടിഎ |
| 8) രക്ഷിതാക്കളെ ബോധവൽക്കരിക്കാൻ | പിടിഎ നടത്തി ചർച്ച | മെയ് / ജൂൺ | അധ്യാപകർ പിടിഎ പ്രസിഡൻറ്,HM |

# ACADEMIC MASTER PLAN- UP MALAYALAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയസംവേദനം എന്നിവ നടത്താനും പഠിതാക്കളെ പ്രാപ്തരാക്കുക . | **എൻറെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു( കഥ കവിത യാത്രാവിവരണ കുറിപ്പ്) | ജൂൺ | മലയാള അധ്യാപകൻ | |
| | **ഭാഷ കേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ | മലയാള അധ്യാപകൻ | |
| 2)പഠിതാവിൽ അർഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | **വാർത്താ ലോകത്തേക്ക്**<br>പത്രം ആഴ്ചപ്പതിപ്പ് എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാള അധ്യാപകൻ | |
| 3)സാഹിത്യകൃതികളോടും സാഹിത്യകാരോടും ഉള്ള മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം/ മുഖാമുഖം<br>സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായി അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാള അധ്യാപകൻ | പിടിഎ |
| 4)മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കുകയും സർഗാത്മകത വളർത്തലും | ഇ-കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടർ പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുന്നു സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാള അധ്യാപകൻ ഐസിടി അധ്യാപകൻ | മലയാളം ക്ലബ് |

# ACADEMIC MASTER PLAN- UP MALAYALAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി ജൈവവൈവിധ്യ പാർക്ക് പച്ചക്കറിത്തോട്ടം ശലഭോദ്യാനം ,കുളം ,മുളകൾ കൊണ്ടുള്ള ഇരിപ്പടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് ഊർജ്ജക്ലബ്ബ് | പിടിഎ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ |
| | **പഠനയാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ കാവുകൾ സന്ദർശനം കണ്ടാൽ നിരീക്ഷണം സസ്യ നഴ്സറി സന്ദർശനം | ജൂലൈ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ്. | രക്ഷിതാക്കൾ |
| | **പരീക്ഷണ കളരി** ശാസ്ത്ര കിറ്റ് പ്രവർത്തനങ്ങൾ പരീക്ഷണങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ മുതൽ | ഇക്കോ ക്ലബ്ബ് ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് ഊർജ്ജക്ലബ്ബ് | |
| 2)ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാതൃക നിർമ്മാണം** സൂക്ഷ്മജീവികളുടെ/ കോശ ഭാഗങ്ങളുടെ മാതൃക നിർമ്മിക്കുന്നു | ജൂൺ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | അധ്യാപകർ പിടിഎ |
| | **ശാസ്ത്ര വിസ്മയ ചുമർ** ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | **<u>പ്രോജക്ട്</u>**<br>വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് ഊർജ്ജക്ലബ്ബ് ഹെൽത്ത് ക്ലബ്ബ്. | SSK/ Management പിടിഎ |
| 3)ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **<u>ശാസ്ത്ര വിസ്മയം</u>**<br>പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | SSK/ Management അധ്യാപകർ |
| 4)പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വളർത്തുക | AI സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ |

# ACADEMIC MASTER PLAN- UP SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു<br><br>**ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| 2)പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയങ്ങളിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുക | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** | | | |

| | | | | |
|---|---|---|---|---|
| 4)പ്രകൃതി ദുരന്തങ്ങളെ മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5)സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നറുങ്ങുവെട്ടം**<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്ന മിതവ്യ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തം ആവുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6) വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7) സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | **<u>കാടെവിടെ മക്കളെ</u>**<br><u>( ഫീൽഡ് ട്രിപ്പ് ,സർവേ)</u><br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻറെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽക്കാടുകൾ ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 8)സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | **<u>പുതുചക്രവാളത്തിലേക്ക്</u>**<br>സിവിൽ സർവീസ് പരീക്ഷ എഴുതാൻ പ്രാപ്തി നേടും വിധം അറിവിൻറെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷം നേരം കൊണ്ട് എന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ACADEMIC MASTER PLAN- UP ENGLISH

| Objective | Activities | Time | Responsible person | Financial assistance |
|---|---|---|---|---|
| 1) To improve lens Ability to understand spoken English and to develop their overall communication skills | BREAKING NEWS - Learners are asked to watch news broadcast or listen news podcast to improve a learners English comprehension and fluency by engaging with the real world audio content | JUNE | English teacher | English club |
| | HOT SEAT- One student sits with their bad today what and classmates describe a word to the testing their ability to give clear instruction | JULY | English teacher | |
| | LEND YOUR EAR - They are allowed to listen interesting stories and asked to give proper answers to the story related questions | JUNE | English teacher | |
| | MEET THE FOREIGNER- Give chance to interact with a foreigner to improve speaking and comprehension skills | ONCE IN YEAR | English teacher | |
| | FOLLOW ME IF YOU CAN- Give training to follow the instruction | AUGUST | English teacher | |
| | STORY CHAIN - Asked to add to a story one by one developing story telling skills and vocabulary | JULY | English teacher | |

| | | | | |
|---|---|---|---|---|
| 2) Exercises impressive reading | GO FISH -Instead of numbers use cards with the pictures of objects that start with the specific letters or sounds Match the pictures and say the words aloud | SEPTEMB ER | English teacher | |
| | READER OF THE MONTH- Give chances to read English newspaper daily recognising and celebrating students who demonstrate enthusiasm and progress in reading | EACH MONTH | English teacher | |
| | WORD CHAIN- Transforming one Word into another by changing one letter at a time creating a new word at each step | OCTOBER | English teacher | |
| | F M CORNER - Give chances to present different stories as radio dramas in readers theatre | AUGUST | English teacher | |
| | I TO CAN-Arranging different reading cards and reads without mistakes (simple to complex) | EACH MONTH | English teacher | |
| 3) Creative exercises decide to develop and individuals written communication skills and familiarise them with the different writing styles | ALERT ZONE-Pluck cards posters notice are presenting in classrooms and in school | DAY Celebrations | English teacher | |
| | NEW ENDINGS- Ask to think of a new conclusion to an existing story or book | SEPTEMB ER | English teacher | |

| | | | | |
|---|---|---|---|---|
| | CONVINCE ME- Ask is group member to think of something they are passionate about and convince you in writing why is the best | OCTOBER | English teacher | |
| | WHAT IF-Encourages to analyse a topic and find the links between details and information | FEBRUAR Y | English teacher | |
| | M DROPLET- Make Class magazine or Mini dictionary | YEAR END | English teacher | |
| | RUN BABY RUN- Divide the class into two group ask them to copy the words from the chart to another chart paper give price today group which presented the chart without mistakes | NOVEMBE R | English teacher | |
| 4)Improve confidence in English language using | THE GRAND CAMP- Arrange and organised English camp by parents and people who are competent in English. It creates an atmosphere of English only. Give chances to standard 5,6,7 students to present their different programmes.<br><br>Ask standard 5 student s to make stories and present role play and skit for Standard 6 students speech and presenting poems for standard 7 finally documentary or film show at the end of the camp. | YEAR END | English teacher , PTA ,Parents | |

# ACADEMIC MASTER PLAN- UP MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | കളി രീതിയിലൂടെയും തുടർ പ്രവർത്തനങ്ങളിലൂടെയും അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | ഗണിത അധ്യാപകർ | |
| 2)ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | |
| 3)ഗണിതം മധുരം | വിവിധ ഗണിത രൂപങ്ങൾ നിർമ്മിച്ച് സവിശേഷതകൾ പട്ടികപ്പെടുത്തുന്നു | ഒരു പ്രാവശ്യം | ഗണിത അധ്യാപകർ ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് , PTA |
| 4)ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ (മറ്റു മേഖലയിലോ വിദ്യാലയങ്ങളിലോ പ്രവർത്തിക്കുന്നവർ) കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിലുള്ള ക്ലാസുകൾ നൽകുന്നു | വർഷത്തിൽ രണ്ട് തവണ | ഗണിത ക്ലബ്ബ് ലീഡർമാർ അധ്യാപകർ | PTA |
| 5) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകർ സമർത്ഥരായ കുട്ടികൾ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ -യുപി

## മേഖല -അക്കാദമികം

## ഉപമേഖല -സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| .എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കുക.<br><br>.അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുക<br><br>.കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br><br>.ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുന്നതിനും സർഗാത്മക രചനകൾ വികസിപ്പിക്കുന്നതിനുള്ള അവസരം നൽകുക<br><br>.എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക .<br><br>.സാഹിത്യ അഭിരുചികൾ വളർത്തുന്ന പ്രവർത്തനങ്ങൾ ഭാഷ ശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തൽ,<br><br>.ഭാഷാ ലാബ്. | .ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുക പരിമിതികൾ<br>. പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>.പതിപ്പുകൾ മാർഗസിനുകൾ രചന ശില്പശാലകൾ<br>.സംസ്കൃത ദിനാചരണം അസംബ്ലി<br>.ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>.വായനാ മൂല പദപ്പയറ്റ് ചോദ്യോത്തരപ്പയറ്റ് നിഘണ്ടു നിർമ്മാണം ദിനാചരണങ്ങൾ പോസ്റ്റർ നിർമ്മാണം കഥ ഉപന്യാസം രചിക്കൽ അവതരണം മാഗസിൻ നിർമ്മാണം etc.<br>.വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ കഥാകവിത സുഭാഷിതങ്ങൾ ജീവചരിത്രക്കുറിപ്പുകൾ എന്നിവ ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ വിവിധ കലാരൂപങ്ങളുടെ ഡെമോൺസ്ട്രേഷൻ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ | |

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ -അറബിക്</u>

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ |
|---|---|---|---|
| 1)ഭാഷാപരമായ ശേഷിക്കുറവ് പരിഹരിക്കൽ | ജൂൺ ആദ്യം മുതൽ കുട്ടികളുടെ അടിസ്ഥാന കഴിവുകൾ പരിശോധിക്കുന്നു<br><br>അധികസമയം കണ്ടെത്തി അക്ഷരങ്ങൾ വാക്കുകൾ എന്നിവ എഴുതിക്കുകയും വായിക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം | അധ്യാപകർ രക്ഷിതാക്കൾ വിദ്യാർത്ഥികൾ |
| 2)ഭാഷാപരമായ അടിസ്ഥാന ശേഷികളായ വായന എഴുത്ത് എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | വായന മെച്ചപ്പെടുത്തുന്നതിനായി ഓരോ ക്ലാസിനും എളുപ്പമുള്ള ഭാഗങ്ങൾ പ്രിൻറ് എടുത്തു നൽകി വായിപ്പിക്കുന്നു. പിന്നോക്കത്തിൽ നിൽക്കുന്ന കുട്ടികൾക്ക് ചെറിയ ക്ലാസിലെ പുസ്തകങ്ങൾ ശേഖരിച്ച് വായിപ്പിക്കുന്നു | അക്കാദമിക വർഷം | അധ്യാപകർ രക്ഷിതാക്കൾ വിദ്യാർത്ഥികൾ |
| 3)നിഘണ്ടു തയ്യാറാക്കുന്നു | പുതുതായി പരിചയപ്പെട്ട പദങ്ങളും അർത്ഥവും എഴുതിപ്പിക്കുന്നു | അക്കാദമിക വർഷം | അധ്യാപകർ രക്ഷിതാക്കൾ വിദ്യാർത്ഥികൾ |